**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3507** **05-08-2021 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. നഷ്ടപരിഹാരകാലയളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനങ്ങൾക്കുള്ള ജി.എസ്.ടി. നഷ്ടപരിഹാരകാലയളവ് ഏതുവർഷം വരെയെന്നും ആയത് അഞ്ചുവർഷം കൂടെ നീട്ടണമെന്ന ആവശ്യം കേന്ദ്ര ധനകാര്യവകുപ്പ് അംഗീകരിച്ചുവോ എന്നും വ്യക്തമാക്കാമോ; ഇതിൽ സംസ്ഥാന നയം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനങ്ങൾക്കുള്ള ജി.എസ്.ടി. നഷ്ടപരിഹാരകാലയളവ് 2022ജൂൺ 30-ൽ അവസാനിക്കും. ജി.എസ്.ടി. നഷ്ടപരിഹാരം 5 വർഷത്തിനുശേഷവും തുടരണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | സംസ്ഥാന ധനമന്ത്രി കേന്ദ്ര ധനകാര്യമന്ത്രിയെക്കണ്ട് സംസ്ഥാനകാര്യങ്ങൾ ധരിപ്പിച്ചതുവഴി ലഭ്യമായ ഉറപ്പുകൾ എന്തെല്ലാം; | (ബി) | സംസ്ഥാനങ്ങൾക്കുള്ള ജി.എസ്.ടി. നഷ്ടപരിഹാരകാലയളവ് 2022ജൂൺ 30-ൽ അവസാനിക്കും. ജി.എസ്.ടി. നഷ്ടപരിഹാരം 5 വർഷത്തിനുശേഷവും തുടരണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | കോവിഡ് മഹാമാരിയെത്തുടർന്ന് സംസ്ഥാനത്തിന് നാളിതുവരെ ലഭ്യമായ കേന്ദ്രസഹായം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | 2020-21 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിനുള്ള എസ്.ഡി.ആർ.എഫ്. വിഹിതമായി 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത തുക (314 കോടി രൂപ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് കൂടി ഉപയോഗിക്കാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിനുള്ള എസ്.ഡി.ആർ.എഫ്. വിഹിതത്തിന്റെ ആദ്യ ഗഡുവായ 157 കോടി രൂപ അഡ്വാൻസ് ആയി റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ആദ്യഗഡുവായി 125.60 കോടി രൂപയും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് കൂടി വിനിയോഗിക്കുന്നതിന് കേന്ദ്ര സർക്കാർ അഡ്വാൻസ് ആയി റിലീസ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ